ഉത്തരം

(എ) 2005-2006-ലെ ബഡ്ജറ്റിൽ, കണ്ണൂർ ഐ.ടി.ഐ. ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 5,36,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 97,00,000 രൂപ.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കർഷക, കൈത്തറി തൊഴിലാളികൾക്ക് കുടിശ്ശിക പെൻഷൻ നൽകുന്നതിന് നടപടി

55[517] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്;

(ബി) കൈത്തറി തൊഴിലാളി പെൻഷൻ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പറയാമോ;

(സി) ഈ ക്ഷേമ പെൻഷനുകൾ പൂർണ്ണമായും കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യാനുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മതിയായ ഫണ്ട് ലഭ്യമാക്കി എത്രയും വേഗം കുടിശ്ശിക പെൻഷൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട് (7/03) മുതൽ 6/05 വരെ).

(ബി) 15 മാസത്തെ (4/04 മുതൽ 6/05 വരെ) പെൻഷൻ കുടിശ്ശികയുണ്ട്.

(സി) & (ഡി) ആവശ്യാനുസൃതം ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഈ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കാലതാമസം അനുഭവപ്പെടുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക വിതരണം ചെയ്തുവരുന്നു.

തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമ പദ്ധതികൾ

56[518] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ഏതെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്ഷേമ പദ്ധതികളനുസരിച്ചുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ മാസങ്ങളായി കുടിശ്ശികയായി കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഓരോന്നിലും എത്ര മാസത്തെ കുടിശ്ശിക വീതം വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) തൊഴിലില്ലായ്മാ വേതനത്തിന്റെ കുടിശ്ശികതുക വിതരണം ചെയ്യാൻ എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എത്ര മാസത്തെ കുടിശ്ശിക ഉണ്ട്;

(എഫ്) ഇത് എന്നത്തേക്ക് കുടിശ്ശിക തീർത്ത് വിതരണം ചെയ്യാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. കേരള കള്ളുചെത്ത് തൊഴിലാളി ക്ഷേമ പദ്ധതി.
2. കേരള ചാരായ തൊഴിലാളി ക്ഷേമ പദ്ധതി.
3. കേരള കർഷക തൊഴിലാളി ക്ഷേമ പദ്ധതി.
4. കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതി.
5. കേരള തൊഴിലാളി ക്ഷേമ പദ്ധതി.
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി.
7. കേരള തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി.
8. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി.
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ പദ്ധതി.
10. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി.
11. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതി.
12. കേരള ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി.
13. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

14. കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമ പദ്ധതി.

15. കേരള കർഷക തൊഴിലാളി ക്ഷേമ പദ്ധതി.

16. കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി.

17. കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി.

18. കേരള ബാർബർ തൊഴിലാളി ക്ഷേമ പദ്ധതി.

19 കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി.

(ബി) & (സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കാലതാമസം വരുന്നുണ്ട്. മറ്റു ബോർഡുകൾ എല്ലാ ആനുകൂല്യങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നുണ്ട്.

(ഡി) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുന്ന പെൻഷൻ 6/05 വരെ 15 മാസത്തെ കുടിശ്ശികയുണ്ട്. കൂടാതെ, എക്സ്ഗ്രേഷ്യാ ധനസഹായം (8 മാസം), മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായം (6 മാസം), മരണമടഞ്ഞ അംഗങ്ങളുടെ അംശദായ റീഫണ്ട് (6 മാസം), വിവാഹ ധനസഹായം (9 മാസം), അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ് (12 മാസം) എന്നിവയും കുടിശ്ശികയായിട്ടുണ്ട്.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുന്ന വിവാഹ ധനസഹായം 46 മാസത്തെയും അതിവർഷാനുകൂല്യം 78 മാസത്തെയും കുടിശ്ശിക യുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് വിതരണം ചെയ്യുന്ന ക്ഷേമനിധി അംഗങ്ങളായി വിരമിച്ചവർക്കുള്ള പെൻഷൻ 6/2005 വരെ 14 മാസത്തേയും ക്ഷേമനിധി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനുമുന്പ് വിരമിച്ചവർക്ക് സർക്കാർ ധനസഹായത്തോടെ ബോർഡ് വിതരണം ചെയ്യുന്ന പെൻഷൻ 6/2005 വരെ 22 മാസത്തെയും കുടിശ്ശിക വിതരണം ചെയ്യുവാനുണ്ട്.

(ഇ) 21 മാസത്തെ തൊഴിലില്ലായ്മാ വേതനത്തിന്റെ കുടിശ്ശിക തുക വിതരണം ചെയ്യാൻ 97,61,72,400 രൂപ വേണ്ടിവരും.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly